I/212640/2024

**ഭരണഭാഷ – മാതൃഭാഷ**

LSGD/JD/TVM/4963/2023-B4

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം – 695043
ഫോൺ : 0471-2731700
ഇ-മെയിൽ : jdlsgdtvm@gmail.com

തീയതി: 22-02-2024

ജോയിന്റ് ഡയറക്ടർ

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്
സർ,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - അനധികൃത ഹാജരില്ലായ്മ - ഓഫീസ് അറ്റൻഡന്റെ ശ്രീമതി. ശാന്ത. പി യ്ക്ക് എതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണറിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് .

സൂചന 1 അങ്ങയുടെ 05-10-2023 ലെ LSGD/PD/3641/2023-VIGA2 നം കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം നഗരസഭയിലെ ഓഫീസ് അറ്റൻഡൻന്റെ ശ്രീമതി. ശാന്ത. പി എന്നവർക്കെതിരായ അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഗതിയിൽ 1960 ലെ കേരള സിവിൽ സർവീസസ് തരംതിരിയ്ക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന പ്രകാരം നിർദേശിച്ചിരുന്നു. ആയത് പ്രകാരം അന്വേഷണം നടത്തി ഔപചാരിക അന്വേഷണ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

jyothis v
ASSISTANT DIRECTOR

I/212640/2024

Signed by
Jyothis V
Date: 22-02-2024 13:54:40

I/212433/2024

**ഭരണഭാഷ - മാതൃഭാഷ**

**LSGD/JD/TVM/4963/2023-B4**

തീയതി :**22-02-2024**

## ഔപചാരിക അന്വേഷണ റിപ്പോർട്ട്

**(1960 ലെ കെ. സി. എസ് (സി. സി. എ) റൂൾസ് ഖണ്ഡിക 15 പ്രകാരം**

തിരുവനന്തപുരം നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റെ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ശാന്ത. പി എന്നവർക്കെതിരായ അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഗതിയിൽ **1960** ലെ കേരള സിവിൽ സർവീസസ് തരംതിരിയ്ക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്റുടെ **05/10/2023** തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023** വിജിഎ2 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ല ജോയിൻറ് ഡയറക്ടർ ആഫീസിലെ അസിസ്റ്റന്റെ ഡയറക്ടറായ എന്നെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ആയതിനാൽ ടി വിഷയത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടികളെ സംബന്ധിച്ച മാന്വലിലെ ഖണ്ഡിക **18** മുതൽ **42** വരെയുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വിശദാന്വേഷണം നടത്തി ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.

### അച്ചടക്കനടപടി നേരിടുന്ന ജീവനക്കാരിയുടെ വിവരങ്ങൾ

| | |
|---|---|
| അച്ചടക്കനടപടി നേരിടുന്ന ജീവനക്കാരിയുടെ പേര് | ശ്രീമതി. ശാന്ത. പി |
| കുറ്റാരോപണ കാലയളവിലെ തസ്തിക, കാര്യാലയം | ഓഫീസ് അറ്റൻഡന്റെ, തിരുവനന്തപുരം നഗരസഭയിലെ വട്ടിയൂർക്കാവ് സോണൽ ഓഫീസ് |
| തിരുവനന്തപുരം നഗരസഭ വട്ടിയൂർക്കാവ് സോണൽ ഓഫീസിലെ സേവനകാലയളവ് | **01/09/2021** മുതൽ ടി ഓഫീസിൽ ജോലിയിൽ തുടരുന്നു |
| | |

| | |
|---|---|
| നിലവിലെ തസ്തിക, കാര്യാലയം | ഓഫീസ് അറ്റൻഡൻന്റെ, തിരുവനന്തപുരം നഗരസഭ വട്ടിയൂർക്കാവ് സോണൽ ഓഫീസ് |
| വിരമിക്കൽ തീയതി, PEN. | 31/05/2025, G 70465 |

**1.ആമുഖം**

തിരുവനന്തപുരം നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റെ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ ശ്രീമതി. ശാന്ത. പി **02/11/2017** മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന കുറ്റത്തിന് **16/02/2018** തീയതിയിൽ **GA7/11816/18** നമ്പറായി വിശദീകരണം ആരാഞ്ഞ് നഗരസഭയിൽ നിന്ന് ടിയാൾക്ക് മെമ്മോ നൽകിയിരുന്നു. ശ്രീമതി. ശാന്ത. പി **26/02/2018**ൽ ഓഫീസിൽ ഹാജരായി മെമ്മോ കൈപ്പറ്റുകയും **11/04/2018** വരെ നഗരസഭയിൽ ഹാജരാവുകയും ചെയ്തെങ്കിലും ടി മെമ്മോയ്ക്ക് മറുപടി നൽകിയിരുന്നില്ല. **12/04/2018** മുതൽ ടിയാൾ ഓഫീസിൽ ഹാജരാകുകയും ചെയ്തിരുന്നില്ല. തുടർന്നു അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാൾക്കെതിരെ **17/04/2018** ൽ **GA7/11816/18** നമ്പറായി തിരുവനന്തപുരം നഗരസഭാ സെക്രട്ടറി കുറ്റാരോപണ മെമ്മോ നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. തന്നെ ജോലിയിൽ പുനപ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ച് ശ്രീമതി. ശാന്ത. പി, **18/01/2020** ൽ നഗരകാര്യ ഡയറക്ടർ മുമ്പാകെ കത്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് **20/02/2020** ൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. തുടർന്നു തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ശാന്ത. പി യ്ക്കെതിരായ അച്ചടക്കനടപടികൾ നിലനിർത്തി **06/03/2020** മുതൽ സേവനത്തിൽ പുനപ്രേവേശിപ്പിക്കുകയും തുടർന്നു മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തു.

ശ്രീമതി. ശാന്ത. പി, **2021** സെപ്റ്റംബർ മാസം മുതൽ വീണ്ടും അനധികൃതമായി ഓഫീസിൽ ഹാജരാകുന്നില്ലായെന്നും ആയതിനാൽ ടിയാരിക്കെതിരെ കടുത്ത ശിക്ഷ ശുപാർശ ചെയ്ത് കൊണ്ടും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി പ്രിൻസിപ്പൽ ഡയറക്ടർക്ക് **13/04/2022** ൽ റിപ്പോർട്ട് ചെയ്തു. സെക്രട്ടറിയുടെ ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി ശാന്ത. പി അവധി അപേക്ഷ നൽകി മുൻകൂർ അനുമതി വാങ്ങാതെ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും ഉത്തരവാദിത്തരഹിതമായ പ്രവൃത്തിയുമായി കണ്ട് ടിയാൾക്കെതിരെ **1960** ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം **15/02/2023**

തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023**-വിജിഎ2 നമ്പർ ആയി കുറ്റാരോപണ മെമ്മോയും കുറ്റരോപണ പത്രികയും നൽകി പ്രിൻസിപ്പൽ ഡയറക്ടർ അച്ചടക്കനടപടി ആരംഭിച്ചു. ആയത് കൈപ്പറ്റിയ ശ്രീമതി. ശാന്ത. പി എതിർവാദ പത്രികയും സമർപ്പിച്ചിരുന്നു.

ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നപേക്ഷിച്ച് ശ്രീമതി. ശാന്ത. പി **10/11/2022** ൽ തിരുവനന്തപുരം നഗരസഭാ ഓഫീസിൽ കത്ത് നൽകുകയും തുടർന്ന് പ്രിൻസിപ്പൽ ഡയറക്റുടെ നിർദേശപ്രകാരം ടിയാളെ **22/08/2023** തീയതി മുതൽ വട്ടിയൂർക്കാവ് സോണൽ ഓഫീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീമതി. ശാന്ത പി.യ്ക്ക് എതിരായി ഔപചാരിക അന്വേഷണത്തിന് ബഹു. പ്രിൻസിപ്പൽ ഡയറക്ടർ **05/10/2023** ലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023**-വിജിഎ2 നമ്പർ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശാന്ത. പി എന്നവരെ അറിയിപ്പ് നൽകി കോർപ്പറേഷൻ മെയിൻ ഓഫീസിൽ വച്ച് **22/11/2023** തീയതിയിൽ രാവിലെ **11**മണിക്ക് നേരിൽകേട്ട് മൊഴി രേഖപ്പെടുത്തുകയും നഗരസഭയിലെ ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

## 2. തയ്യാറാക്കപ്പെട്ട ചാർജുകൾ

**1960** ലെ കേരള സിവിൽ സർവീസസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **1 5** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ **15/02/2023** തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023**-വിജിഎ2 നമ്പർ പ്രകാരമുള്ള കുറ്റാരോപണ മെമ്മോ/ കുറ്റാരോപണ പത്രിക പുറപ്പെടുവിച്ചതിൽ ഗുരുതരമായ അച്ചടക്ക ലംഘനം, ചട്ട ലംഘനം, സർവീസ് ചട്ടങ്ങളോടുള്ള അനാദരവ്, എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയാകയാൽ ശ്രീമതി. ശാന്ത. പി യ്ക്ക് എതിരായ കുറ്റാരോപണങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റെ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ **02/11/2017** മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന കുറ്റത്തിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. തുടർന്ന് അച്ചടക്കനടപടികൾ നിലനിർത്തി **06/03/2020** മുതൽ സേവനത്തിൽ പുനപ്രവേശിപ്പിക്കുകയും തുടർന്നു മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീമതി. ശാന്ത. പി

2021 സെപ്റ്റംബർ മാസം മുതൽ അവധി അപേക്ഷ നൽകാതെ അനധികൃതമായി ഓഫീസിൽ ഹാജരായില്ല. ഉത്തരവാദിത്തമുള്ള സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ അവധി അപേക്ഷ നൽകി അനുമതി വാങ്ങാതെ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും ഉത്തരവാദിത്തരഹിതമായ പ്രവൃത്തിയുമാണ്. നഗരസഭാ സെക്രട്ടറിയുടെ അനുമതി വാങ്ങാതെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ നിന്ന് വിട്ടു നിന്ന് കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ തുടർച്ചയായ ഗുരുതരമായ അച്ചടക്കലംഘനം ചട്ടലംഘനം, സർവീസ് ചട്ടങ്ങളോടുള്ള അനാദരവ് എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയാണെന്ന് കണക്കാക്കുന്നു.

**3. പ്രതിവാദത്തിന്റെ സംക്ഷിപ്തം .**

തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റായി സേവനം അനുഷ്ഠിക്കുന്ന എനിക്ക് **05/11/2021 – 30/03/2023** കാലയളവിൽ ഓഫീസിൽ ജോലി ചെയ്യാൻ എത്തിച്ചേരാൻ കഴിഞ്ഞിരുന്നില്ല. മേൽപ്പടി കാലയളവിൽ വാഹനാപകടം ഉണ്ടാവുകയും, അതെ തുടർന്ന് മാനസിക സമ്മർദ്ദത്തിലായ എനിക്ക് അവധിക്കായി അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ആകസ്മികമായി ഉണ്ടായ അപകടത്തെ തുടർന്നുണ്ടായ സാഹചര്യത്തെ ബോധപൂർവമല്ലാത്ത തെറ്റായി കണക്കാക്കണമെന്നും എനിക്ക് മാപ്പ് നൽകണമെന്നും, മേൽപ്പടി കാലയളവ് ശൂന്യവേതന അവധിയായി കണക്കാക്കിക്കൊണ്ട് എന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ എനിക്ക് ഒരവസരം തരികയാണെങ്കിൽ ഇക്കാര്യം നേരിൽ ബോധിപ്പിക്കുന്നതാണ്.

**4.വിട്ടു കളഞ്ഞ ചാർജ്ജുകൾ - ഇല്ല**

**5. തെളിവിലേക്കുള്ള വസ്തുതകൾ/കത്തുകൾ**

**1.**തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **14/05/2018, 25/06/2018, 11/11/2019, 09/12/2019** തീയതികളിലെ **GA7/11816/18** നം കത്തുകൾ.

2.ശ്രീമതി. ശാന്ത. പി യുടെ **18/01/2020** തീയതിയിലെ അപേക്ഷ

3.നഗരകാര്യ ഡയറക്ടറുടെ **20/02/2020** തീയതിയിലെ വി**1/11302/18** നം കത്ത്.

4. തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **17/03/2020** തീയതിയിലെ **GA7/11816/18** നം കത്ത്.

5. തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **23/05/2022** തീയതിയിലെ **GA7/11816/18** നം ഉത്തരവ്

6. തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **26/05/2022** തീയതിയിലെ **GA7/11816/18** നം കത്ത്

7.തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ **13/04/2022** തീയതിയിലെ **GA7/11816/18** നം കത്ത്.

8.പ്രിൻസിപ്പൽ ഡയറക്ടറുടെ **15/02/2023** തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023**-വിജിഎ2 നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റരോപണ പത്രികയും

9.ശ്രീമതി. ശാന്ത. പി യുടെ എതിർവാദപത്രിക

10.ശ്രീമതി. ശാന്ത. പി യുടെ **10/11/2022** തീയതിയിലെ അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും

11.ശ്രീമതി. ശാന്ത. പി യുടെ **17/04/2023** തീയതിയിലെ അപേക്ഷ

12.തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **15/06/2023** തീയതിയിലെ **GA7/11816/18** നം കത്ത്.

13.പ്രിൻസിപ്പൽ ഡയറക്ടറുടെ **22/07/2023** തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023**-വിജിഎ2 നമ്പർ കത്ത്.

14.തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **13/09/2023** തീയതിയിലെ **GA7/11816/18** നം കത്ത്

15.പ്രിൻസിപ്പൽ ഡയറക്ടറുടെ **05/10/ 2 0 2 3** തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/**3641/2023**-വിജിഎ2 നമ്പർ ഉത്തരവ്

16.ഈ ഓഫീസിലെ **10/11/2023** തീയതിയിലെ ഇതേ നം കത്തും നേർവിചാരണ നോട്ടീസും

17.തിരുവനന്തപുരം നഗരസഭാ വട്ടിയൂർക്കാവ് സോണൽ ഓഫീസ് ചാർജ് ഓഫീസറുടെ **24/11/2023** തീയതിയിലെ **VTZ/A1/5623/23** നം കത്ത്.

18.തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ **04/01/2024** തീയതിയിലെ **GA7/11816/18** നം കത്ത്.

## 6. <u>നേർവിചാരണ മൊഴി</u>

ശ്രീമതി. ശാന്ത. പി യുടെ നേർവിചാരണ മൊഴി

മകന്റെ മരണവുമായി ബന്ധപ്പെട്ട് മാനസികമായി ബുദ്ധിമുട്ടിലായ എനിക്ക് മാനസികമായും ആരോഗ്യപരമായുള്ള ബുദ്ധിമുട്ടുകൾ കാരണം ഓഫീസിൽ ഹാജരാകുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഭർത്താവ്, അമ്മ എന്നിവരുടെ മരണവും എനിക്ക് ഉണ്ടായ അപകടവും കാരണം ഓഫീസിൽ ഹാജരാകുവാൻ കഴിഞ്ഞില്ല. മാനസിക പ്രശ്നങ്ങൾ കാരണം ഓഫീസിൽ ലീവ് അറിയിക്കാനും കഴിഞ്ഞില്ല. എൻറെ അറിവില്ലായ്മ കാരണം ഉണ്ടായ മേൽ കുറ്റങ്ങൾ മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു. ഇനി തുടർന്ന് ഇത്തരത്തിൽ അനധികൃതമായി ഹാജരാകുന്നത് തുടരില്ല എന്നും എല്ലാ ദിവസവും ഹാജരാകുമെന്നും മേലധികാരിയുടെ അനുമതിയോടെ മാത്രമേ ലീവ് എടുക്കുകയുള്ളൂ എന്നും ബോധിപ്പിക്കുന്നു.

## <u>7. ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകൾ</u>

തിരുവനന്തപുരം നഗരസഭയിലെ ഈ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ, കുറ്റാരോപണമെമ്മോ, കുറ്റാരോപണപത്രിക, കുറ്റാരോപിതയുടെ എതിർവാദപത്രിക എന്നിവ പരിശോധിച്ചതിന്റെയും, കുറ്റാരോപിതയും തിരുവനന്തപുരം നഗരസഭയിലെ ഓഫീസ് അറ്റൻഡൻന്റുമായ ശ്രീമതി. ശാന്ത. പി എന്നിവരെ നേരിൽ കേട്ടതിന്റെയും, തിരുവനന്തപുരം നഗരസഭയിൽ അന്വേഷണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ പറയും വിധം സമർപ്പിക്കുന്നു.

ശ്രീമതി. ശാന്ത. പി **2021** സെപ്തംബറിൽ **07,16,17,18,20,27** ദിവസങ്ങളിലും **2021** ഒക്ടോബറിൽ **11,16,18,22,23,27(half-day),28,30** ദിവസങ്ങളിലും **2021** നവംബറിൽ **1,5,6,8,9,10,11,12,15,16,18,19,20,22,23,24,25,26,27,29,30** ദിവസങ്ങളിലും തുടർന്നുള്ള എല്ലാ ദിവസങ്ങളിലും ജോലിയിൽ ഹാജരായിരുന്നില്ല. **10/11/2022** തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ശാന്ത. പി തിരുവനന്തപുരം നഗരസഭാ ഓഫീസിൽ അപേക്ഷ നൽകുകയും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്റുടെ നിർദേശപ്രകാരം ടിയാളെ **22/08/2023** തീയതി മുതൽ വട്ടിയൂർക്കാവ് സോണൽ ഓഫീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. **10/11/2022** വരെ ടിയാൾ യാതൊരുവിധ അവധി അപേക്ഷയും ഹാജരാക്കിയിരുന്നില്ല. മേലധികാരിയുടെ അനുമതി വാങ്ങാതെ ഇത്തരത്തിൽ

അനധികൃത അവധിയിൽ തുടർന്നത് ഗുരുതരമായ അച്ചടക്കലംഘനമാണ്. ശ്രീമതി. ശാന്ത. പിയുടെ എതിർവാദപത്രികയിൽ, വാഹനാപകടം ഉണ്ടായെന്നും തുടർന്നു മാനസിക സമ്മർദ്ദത്തിലായതിനാലാണ് അവധി അപേക്ഷ സമർപ്പിക്കാൻ കഴിയാഞ്ഞതെന്നും പരാമർശിക്കുന്നു. **22/11/2023** ൽ ശ്രീമതി. ശാന്ത. പി യെ നേരിൽ കേട്ട വേളയിലും കുടുംബാംഗങ്ങളുടെ മരണവും അപകടവും മൂലം മാനസികവും ആരോഗ്യപരവുമായ ബുദ്ധിമുട്ടുകൾ ഉണ്ടായെന്നും ആയതിനാൽ ലീവ് അറിയിക്കാൻ സാധിച്ചില്ല എന്നാണ് അറിയിച്ചത്. എന്നാൽ ഒരുവർഷത്തിലധികം യാതൊരു അവധി അപേക്ഷയും സമർപ്പിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിനുള്ള കാരണമായി ഇത് പരിഗണിക്കാൻ കഴിയില്ല. ടിയാളുടെ പ്രവർത്തി അച്ചടക്ക ലംഘനവും ചട്ട ലംഘനവുമാണെന്ന് കാണുന്നു.

അനധികൃതമായി അവധിയിൽ പ്രവേശിച്ചതിന് ടിയാൾക്കെതിരെ ഒരു തവണ അച്ചടക്കനടപടി സ്വീകരിക്കുകയും തുടർന്ന് മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഒരു തവണ ശിക്ഷണ നടപടി സ്വീകരിച്ചിട്ടും വീണ്ടും അതെ കുറ്റം ആവർത്തിച്ചതും ഗുരുതര വീഴ്ചയാണ്. ഓഫീസ് നടപടിക്രമങ്ങളോടും സർക്കാർ സർവീസിനോടുമുള്ള ടിയാളുടെ നിരുത്തരവാദപരമായ സമീപനമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. എന്നിരുന്നാലും ശ്രീമതി. ശാന്ത. പി **31/05/2025** തീയതിയിൽ സേവനത്തിൽ നിന്നും വിരമിക്കുന്നതാണെന്നുള്ള വസ്തുത കൂടി ഈ അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

**<u>8. ശിപാർശ</u>**

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അവധി അപേക്ഷ സമർപ്പിക്കാതെയും മുൻകൂർ അനുമതി ഇല്ലാതെയും ആഫീസിൽ ഹാജരാകാതിരുന്ന ഓഫീസ് അറ്റൻഡൻന്റെ, ശ്രീമതി. ശാന്ത. പി യുടെ പ്രവൃത്തി ഓഫീസ് നടപടിക്രമങ്ങളോടും സർക്കാർ സർവീസിനോടുമുള്ള നിരുത്തരവാദപരമായ സമീപനവും അച്ചടക്കലംഘനവും സർവീസ് ചട്ടങ്ങളുടെ ലംഘനവും ശിക്ഷാർഹവുമാണെന്ന് റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.

വിശ്വസ്തതയോടെ,

I/212433/2024

**jyothis v**

**ASSISTANT DIRECTOR**

Signed by
Jyothis V
Date: 22-02-2024 12:44:42